THE CHURCH WEEKLY

വാല്യം 13 | 1959 മെയ് 31 | ലക്കം 21

Thought for the Week

What light is to the eyes, what air is to the lungs, what love is to the heart, liberty is to the soul of man.

Ingersoll.

വിഷയവിവരം

ചർച്ച്‌വീക്കിലി വരിസംഖ്യ

	രൂ.	ന പൈ
...വർഷത്തേക്ക്	6	
...മാസത്തേക്ക്	3	
...പ്രതി		13
...വെളിയിൽ 8		

മാനേജർ
ചർച്ച്‌വീക്കിലി
കോട്ടയം

സഭയും മെഡിക്കൽ മിഷ്യനും യുവാക്കന്മാരും

മലങ്കര സുറിയാനിസഭയിലെ യുവജനങ്ങൾ കൂട്ടതലായി രാഷ്ട്രീയവും, സാമുദായികവും ദേശീയവുമായ പൊതുജനസേവനങ്ങളിൽ പ്രവേശിക്കണമെന്നുള്ള ഉദ്ബോധനം പത്തനംതിട്ടവച്ചുനടന്ന യൂത്ത്മൂവ്മെൻറ് വാർഷികസമ്മേളനത്തിലെ പല പ്രസംഗങ്ങളിലും കേൾക്കുകയുണ്ടായി. നി. വ. ദി. ശ്രീ മാർ ക്ലീമ്മീസ് മെത്രാപ്പോലീത്താ തിരുമേനിയുടെ പ്രസംഗത്തിൽ ആ കാര്യം പ്രത്യേകം ഊന്നിപ്പറഞ്ഞിരുന്നു. കേവലം ഒരു പ്രസംഗം നടത്തിപ്പോരണമെന്നമാത്രമുള്ള ഒരു ചുമതലാനിർവ്വഹണത്തിൽ പെട്ടതായിരുന്നില്ല തിരുമേനിയെ സംബന്ധിച്ചിടത്തോളം ആ ഉൽബോധനമെന്ന് തിരുമേനിയെ അടുത്തറിയാവുന്നവർക്ക് ബോദ്ധ്യമുള്ള ഒരു സംഗതിയാണ്. കഴിവും യോഗ്യതയുമുള്ളവരെ കണ്ടുപിടിച്ച് ഇങ്ങനെയുള്ള വിവിധ സേവനരംഗങ്ങളിൽ പ്രോത്സാഹനവും ധൈര്യവും പ്രചോദനവും നൽകിക്കൊണ്ടിരിക്കുന്ന ഒരു തിരുമേനിയാണദ്ദേഹം. അതുകൊണ്ട് അദ്ദേഹത്തിൽനിന്ന് ആ ഉൽബോധനം സ്വാഭാവികമായി പ്രതീക്ഷിക്കേണ്ട ഒന്നായിരുന്നു. തിരുമേനിയുടെ ഭദ്രാസനത്തിൽനിന്ന് തന്നെ സാമുദായികവും രാഷ്ട്രീയവുമായ രംഗങ്ങളിൽ നേതൃത്വം നൽകുന്ന ഒന്നിലധികംപേർ ഉണ്ടെന്ന മലങ്കരസുറിയാനിസഭക്കു അഭിമാനിക്കാവുന്നതാണ്. സർവ്വശ്രീ വി. ഒ. മർക്കോസ്, വി. ഒ. എബ്രഹാം, തിരുമേനിയുടെ സ്വന്ത സഹോദരൻ വയലാളുടിക്കളുതുടങ്ങിയ പലരെയും അങ്ങനെ ചൂണ്ടിക്കാ[illegible]വാൻ കഴിയും. മററു ചില ഭദ്രാസനങ്ങളിൽനിന്നും പൊതുജീവിതരംഗങ്ങളിൽ പ്രവർത്തിക്കുന്ന ഏതാനും പേർ നമുക്കുണ്ട്. കേരളത്തിലെ എം.എൽ.എ മാരുടെമൊത്തസംഖ്യ (നോമിനേററഡ് മെമ്പറുൾപ്പടെ) 128 ആണ്. ഒന്നരക്കോടി ജനങ്ങളിൽ ഏതാണ്ട് പത്തു ലക്ഷത്തോടടുത്തു നമുക്കും ജനസംഖ്യയുണ്ടെന്ന ഒരു കണക്കു കേൾക്കാറുണ്ട്. അങ്ങനെയെങ്കിൽ നമ്മുടെ പൊതുജീവിതകർത്തവ്യത്തിൽ നാം പിന്നോക്കമാണ് നിൽക്കുന്നതെന്ന് പറയാൻ കഴിയും. വിദ്യാഭ്യാസമൊ കഴിവോ, സംസ്കാരമൊ, സ്വാധീനമോ പരിഗണിച്ചാൽ ഇപ്പോഴുള്ളതിൽ കൂടുതൽ എം. എൽ. എ. മാർ നിയമസഭയിൽ സുറിയാനിസഭയിൽനിന്നുണ്ടായിരിക്കേണ്ടതാണ്. സേവനരംഗങ്ങളിൽ വിശ്വസനീയമായ നേതൃത്വവും വ്യക്തിമാഹാത്മ്യവും പ്രദർശിപ്പിക്കുവാൻ കഴിയേണ്ട അനേകരുൾപ്പെട്ട ഒരു സമുദായമാണ് നമ്മുടേത്. സിറിയൻ ഓർത്തഡോക്സ്സഭയിലെ യുവജനങ്ങളിൽ പലരെയും അടുത്തറിയുവാൻ കഴിഞ്ഞിട്ടുള്ള മാങ്ങാനം ആശ്രമത്തിലെ സാധു മത്തായി അവർകൾ പലതവണ പ്രസ്താവിക്കയുണ്ടായിട്ടുണ്ട് നന്മയും, ത്യാഗസന്നദ്ധതയും കഴിവും ഒത്തിണങ്ങിയിട്ടുള്ള ഇത്രയധികം ചെറുപ്പക്കാരെ മറെറാരു ക്രൈസ്തവസമുദായത്തിലും ലഭിക്കയില്ലെന്ന്. നിസ്സീമമായ സാദ്ധ്യതകൾ (potentialities) ഉള്ള സുറിയാനിസമുദായം സമുദായക്കേസും ഉള്ളതുകൊണ്ട് ഇങ്ങനെയുള്ള യുവാക്കന്മാരുടെ കഴിവുകളെ പ്രയോജനപ്പെടുത്താൻ സാധിക്കാതെപോകുകയാണെന്ന അദ്ദേഹത്തെപ്പോലെ പലരും പരിതപിച്ചുകേട്ടിട്ടുണ്ട്. ഇപ്പോൾ സമുദായം യോജിച്ചു. കേസവസാനിച്ചു. ഏതാണ്ടൊരു തള്ളിച്ചവന്നതുപോലെ എങ്ങോട്ടെന്നറിയാതെ അങ്ങോട്ടുമിങ്ങോട്ടും നോക്കി

നിൽക്കുന്നുണ്ടു്. തിരുമേനിമാരും എന്തൊക്കെയൊ ബദ്ധപ്പാടിൽ കഴിയുന്നുണ്ടു്. ഒന്നിച്ചുവരാനും ഒന്നിച്ചു പ്രവത്തിക്കാനും, സംഘടിതമായി മുമ്പോട്ടു് പോകാനും, കഴിയുന്ന ഉന്മേഷം ആരെയും ഭരിച്ചുതുടങ്ങിയിട്ടില്ല. മാനേജിംഗ്കമ്മിററി, അസോസിയേഷൻ, ഇടവകവിഭജനം, ഇങ്ങനെയുള്ള കാര്യങ്ങൾതന്നെ മുമ്പോട്ടുപോയാൽ എന്തെങ്കിലുമപകടങ്ങൾ ഉണ്ടാകുമെന്നു് ഭയന്നും ആലോചിച്ചും കേസ്സു് കഴിഞ്ഞു വല്ല എനർജിയും (ഊർജ്ജം) അവശേഷിച്ചിട്ടുണ്ടെങ്കിൽ അതിനു ചെലവാകുന്നുണ്ടു്. യുവസഹജമായ ഉന്മേഷവും, പ്രവത്തനവും, ദർശനവും ആരെയും അനക്കിവിടുന്നതായി കാണുന്നില്ല. ദൈവം തന്ന സമാധാനത്തിൽ കൂടെ എന്തെങ്കിലുമുദിക്കാതെ തരമില്ലെന്നു് പ്രതീക്ഷിച്ചു കഴിഞ്ഞ ചിലക്കു ഒരു പ്രത്യാശയുടെ കിരണം ഒരിടത്തു് മിന്നുന്നതുകണ്ടു് മലങ്കരസഭയ്ക്കു ഒരു മെഡിക്കൽ മിഷ്യൻ പ്രവത്തനമുണ്ടാകണമെന്നും അതിനു സംഘടിതമായ യത്നങ്ങൾ തുടരണമെന്നും സഭയുടെ കഴിവുകൾ ഉപയോഗിക്കണമെന്നും തോന്നി. സുപ്രസിദ്ധമായ വെല്ലൂരാശുപത്രിയിൽ പ്രശസ്തസേവനമനുഷ്ഠിച്ചുകൊണ്ടിരിക്കുന്ന ഡോക്ടർ പി. കോശിയും ആ പ്രാരംഭ ചിന്തകരിൽ ഉണ്ടെന്നു കേട്ടപ്പോൾ ആശ സഫലമാകുന്ന ചില ലക്ഷണവും കണ്ടു. അദ്ദേഹവും സമുദായത്തിലെ ഗണനീയന്മാരായ ചില അംഗങ്ങളുമൊരുമിച്ചു പ. കാതോലിക്കാബാവാതിരുമേനിയെ ചെന്നു കണ്ടു. ക്രിസ്തീയസഭയുടെ സ്ഥാപകൻ തന്നെ മെഡിക്കൽ മിഷ്യനറിയായിരുന്നെന്നും, യേശുക്രിസ്തു നിർവഹിച്ചരോഗാതുരസേവനമാതൃകക്രൈസ്തവസഭയുടെ സാക്ഷിത്വത്തിൽ അടിസ്ഥാനപരമായി വത്തിക്കേണ്ട കാര്യമാണെന്നും തിരുമേനി സ്വതഃസിദ്ധമായ ചമൽക്കാരത്തോടുകൂടി കല്പിക്കയും, തിരുമേനിയുടെ നിർദ്ദേശമനുസരിച്ചു ഒരു പ്രാരംഭാലോചനായോഗം കോട്ടയത്തെ ചിലരെയെല്ലാം ക്ഷണിച്ചു നടത്തുകയും ചെയ്തു. പ്രസ്തുത യോഗത്തിൽ ഒരു അഡ്ഹോക്ക് കമ്മിററിയേയുംതെരഞ്ഞെടുത്തു. ആ കമ്മിററിയിൽ റവ. ഫാദർ ററി. സി. ജേക്കബ്, റവ. ഫാദർ വി. എം. ഗീവറുഗീസ്, മെ. പി. ജെ. മത്തായി, സി. ജെ. കുര്യൻ, പി. സി. കുര്യൻ, കെ. എം. ഈപ്പൻ, ഡോ: പി. കോശി എന്നിവർ അംഗങ്ങളായിരിക്കണമെന്ന യോഗത്തിൽ വന്ന അഭിപ്രായത്തെ അംഗീകരിച്ചു് പ. ബാവാ തിരുമേനി അവരെ ഒരു കമ്മിററിയായി നിയമിച്ചു കല്പന പുറപ്പെടുവിക്കയും ചെയ്തുകഴിഞ്ഞിട്ടുണ്ടു്. ഇത്രയും കണ്ടപ്പോൾ സമുദായം ഒരു പുതിയ പ്രവത്തനരംഗത്തിലേയ്ക്കു് സംഘടിതമായി പ്രവത്തിക്കുവാൻ തയാറായെന്നുള്ള ഒരു പ്രതീതി സമുദായാംഗങ്ങളിൽ പലക്കുമുണ്ടായിട്ടുണ്ടു്. എന്നാൽ കമ്മിററിയുടെ പ്രവത്തനം അത്ര സുകരമായ ഒന്നായിരിക്കുമെന്നുള്ള അഭിപ്രായം ഞങ്ങൾക്കില്ലെന്നു ഞങ്ങൾ ഉറന്നു പറയുന്നതു് കമ്മിററിയെ ഭഗ്നോത്സാഹപ്പെടുത്താനല്ല. ഈ നല്ല കാര്യം വ്യവസ്ഥാപിതമാർഗ്ഗങ്ങളിൽ കൂടെ പുരോഗമിച്ചു കാണണമെന്നുള്ള അത്യാഗ്രഹംകൊണ്ടു പറയുകയാണു്. ആത്മാത്ഥതയും കഴിവും വിശ്വസ്തതയും തികഞ്ഞ ഏതാനും പേരെ കമ്മിററിയിൽ പ. ബാവാ തിരുമേനി കല്പിച്ചു നിയമിച്ചതിൽ ഞങ്ങൾ സന്തോഷിക്കുന്നു. പക്ഷെ, കമ്മിററികൾ എന്നെങ്കിലുമൊരു കാര്യം സാധിക്കുകയോ, പണം പിരിച്ചു കൊടുക്കുകയോ, ചെയ്തു കഴിഞ്ഞാൽ പലവിധത്തിലുള്ള പ്രതിബന്ധങ്ങൾ നേരിട്ടേമെന്നുള്ളതു് നിസ്സംശയമാണു്. ഭരണവും പ്രവത്തനങ്ങളുംസംബന്ധിച്ചവിഭിന്നങ്ങളായ ആശയങ്ങളും അഭിപ്രായങ്ങളും സമുദായത്തിൽ ഉണ്ടു്. എപ്പിസ്ക്കോപ്പൽ ഭരണം എന്നതാണു് പുരാതനമായ നമ്മുടെ സഭയുടെ ഭരണരീതിയെന്നു് സർവസമ്മതമായി അംഗീകരിക്കപ്പെട്ടിട്ടുള്ളതായി വിശ്വസിക്കപ്പെടുന്നു. അതുതന്നെ എന്താണെന്നു് വിശദമായും വ്യക്തമായുമുള്ള ധാരണകൾ പലക്കുമില്ല. റോമാസഭ കാണിക്കുന്നതെല്ലാമാണു് എപ്പിസ്ക്കോപ്പൽഭരണമെന്നു് വിചാരിക്കുകയാണു് പലരും. പക്ഷെ റോമാസഭയുമായി സംവാദങ്ങളിൽ ഏർപ്പെട്ടപ്പോൾ സഭാതലവൻെറ അപ്രമാദിത്വം ശരിയല്ലെന്നു, സുന്നഹദോസിനാണു് പരമാധികാരമെന്നും നാം ശഠിക്കും. സുന്നഹദോസ് എന്നു പറയുന്നതു് എപ്പിസ്ക്കോപ്പൽസുന്നഹദോസ് ആണെന്നു വിചാരിക്കുന്നവരാണു് സഭയിൽ അധികവും. പക്ഷെ മുളന്തുരുത്തി സുന്നഹദോസ് എന്നു പറയുന്നതു് എപ്പിസ്ക്കോപ്പൽ സുന്നഹദോസ് ആയിരുന്നില്ല. സഭാചരിത്രങ്ങളിൽ അയ്മേനികൾ ആദ്ധ്യക്ഷ്യം വഹിച്ച ആകമാനസുന്നഹദോസുകൾ ഉണ്ടു്. ശെമ്മാശന്മാർ അതിൽ പ്രതിനിധികളായി സംബന്ധിക്കയും പ്രാമാണികമായി ചർച്ചകളിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ടു്. ഇങ്ങനെ കാണുമ്പോൾ സുന്നഹദോസ് എന്നു പറയുന്നതു് എപ്പിസ്ക്കോപ്പൽ സുന്നഹദോസു മാത്രമാണെന്നുള്ള ധാരണ തെററാണെന്നു് സിദ്ധിക്കുന്നു രണ്ടു വിധത്തിൽ ധരിച്ചുവച്ചിരിക്കുന്നവരാണു് സഭയിൽ സഹകരിച്ചു പ്രവത്തനം നടത്താൻ പോകുന്നതു്. വളരെ വിപ്ലവവും സമുദായ വ്യാപകവുമായ താൽപ്പര്യമുള്ള ഒരു പ്രവത്തനമായിരിക്കും മെഡിക്കൽ മിഷ്യൻ അതുകൊണ്ടു് സഭയുടെ ഭരണരീതിയെപ്പററി സമുദായ വ്യാപകമായിത്തന്നെ നിലവിലിരിക്കുന്ന ആശയസംഘട്ടനങ്ങൾ ഈ മിഷ്യൻപ്രവത്തനത്തിലും നേരിട്ടേമെന്നുള്ളതു് നിർവിവാദമാണു്. എപ്പിസ്ക്കോപ്പൽ ഭരണത്തെപ്പററി തിരുമേനിമാക്കുതന്നെ വിഭിന്നമായ ആശയഗതികൾ ഉണ്ടു്. മെത്രാൻസ്ഥാനത്തേയ്ക്കു് കയറിക്കഴിഞ്ഞാൽറോമൻഭരണരീതിയാണു് തിരുമേനിമാർ ഇഷ്ടപ്പെടുന്നതെന്നുള്ള ആരോപണം ശരിയല്ല. അവരേക്കാൾ റോമൻഭരണരീതി വേണമെന്നു ശഠിക്കുന്ന അയ്മേനികളും പട്ടക്കാരും വിരളമല്ലെന്നു് ഞങ്ങൾക്കു് അനുഭവവേദ്യമാണു്. ആർച്ചു ബിഷപ്പ് മാർ ഈവാനിയോസിൻെറ ബഥനി പ്രസ്ഥാനത്തിനുമുമ്പു മുതൽ ഫലപ്രദമായി പ്രചരിപ്പിച്ചിട്ടുള്ള ആശയഗതികൾ നല്ലവണ്ണം സഭയിൽ വേരുപ[illegible]ടിച്ചിട്ടുണ്ടു്. മെഡിക്കൽ കമ്മിററിയിലും ഇങ്ങനെ വിഭിന്നങ്ങളാ[illegible] ആശയങ്ങൾ ഉള്ളവർ കാണും. [illegible]മ്മിററി വിപുലപ്പെടുത്തുമ്പോ[illegible] ശ്ചയമായും അങ്ങനെയുള്ളവരെ[illegible] ൾപ്പെടുത്തേണ്ടിവരും. വളരെ [illegible] ത്മാത്ഥമായ അഭിപ്രായവ്യത്യാസ[illegible] ങ്ങൾ, ആഴമായി വേരൂറച്ചിരിക്കുന്ന[illegible] ഈ വിക്ഷനഗതികൊണ്ടു തന്നെ[illegible] നേരിടും. അങ്ങനെയുള്ള അഭി[illegible] യസംഘട്ടനങ്ങൾ വരുമ്പോ[illegible] മ്മിററിയംഗങ്ങൾ വ[illegible] ഷ്ണുതയും, ക്ഷമയും [illegible]

അസൂയയ്ക്കു മരുന്നുണ്ടോ?

എം. കുര്യൻ

ബാല്യത്തിൽ ഞാൻ മാതാപിതാക്കന്മാരുടെവാത്സല്യഭാജനമായിരുന്നുവെന്നിരിക്കട്ടെ. അവരുടെ സ്നേഹവംകരുതലും മുഴുവൻഎൻെറ ചുററിലും കുമിഞ്ഞുകൂടി. അവർ എനിക്കുവേണ്ടിമാത്രം ജീവിക്കുന്നുവെന്നൊരു തോന്നൽ. മാതാപിതാക്കന്മാരുടെ ജീവിതചലനങ്ങൾ എന്നെ കേന്ദ്രമാക്കിയാണു നടക്കുന്നതു്. അമ്മയുടെ വിരിമാറിൽ സസുഖം ചാരിക്കിടന്നു്, മുലപ്പാൽ മതിവരുവോളം വലിച്ചുകുടിക്കാം. അമ്മയുടെ മടിയിലിരുന്നു് ഉറങ്ങാം. അമ്മതന്നെയാണു് കുളിപ്പിക്കുന്നതും താരാട്ടുപാടി ഉറക്കുന്നതും- എന്തൊരു സ്നേഹമയിയായ അമ്മ! ആ താലോലിക്കലിനു് എന്തൊരു സുഖമാണെന്നോ!

അങ്ങനെ മാതാപിതാക്കന്മാരുടെ സ്നേഹവാൽസല്യങ്ങൾക്കു് ഏകാവകാശിയായി യാതൊരു എതിരാളിയുമില്ലാതെ കഴിയുമ്പോഴാണു് ഒരു പുതിയ സംഭവവികാസമുണ്ടാകുന്നതു്. മറെറാരു ശിശു രംഗപ്രവേശം ചെയ്യുന്നു.അതോടെ അന്തരീക്ഷം ആകെ മാറുകയാണു്. അമ്മയുടെ ശ്രദ്ധ എന്നിൽ നിന്നു പിൻവലിക്കപ്പെടുന്നു. പുതിയ ശിശുവിനെപ്പററിയാണു് അമ്മയുടെ കരുതൽ മുഴുവൻ. ഇതുവരെ എനിക്കു മാത്രമായി ലഭിച്ചിരുന്ന ശ്രദ്ധ മുഴുവൻ പുതുതായി എത്തിയ ശിശുവിലേയ്ക്കു പകർന്നുകൊടുത്തുവോ എന്നൊരു സംശയം. അമ്മയുടെ മാർവിടത്തിലും മടിയിലുമെല്ലാം ഞാൻ ഒരു എതിരാളിയെയാണു കാണുന്നതു്. എനിക്കു് അവകാശപ്പെട്ട സ്നേഹപരിചരണങ്ങൾ മുഴുവൻ അപഹരിക്കാനെത്തിയ ഒരു എതിരാളി. അമ്മ ഇപ്പോൾ താരാട്ടു പാടുന്നതു് എനിക്കുവേണ്ടിയല്ല. ഞാൻ തനിയെ പോയിരുന്നു വല്ലതും വാരിത്തിന്നു കൊള്ളണം. പുതിയ ശിശുവിനെയാണു് അമ്മ സ്വന്ത കൈകൊണ്ടു പാലൂട്ടി വളർത്തുന്നതു്. ഞാൻ ഇതെങ്ങനെ സഹിക്കും? എൻെറ നെഞ്ചു വിങ്ങിപ്പൊട്ടുന്നു.

ശൈശവത്തിലെ അസൂയയുടെ ബീജം അവിടെയാണു്. രണ്ടാമതൊരു ശിശു ജനിക്കുന്നതോടെ ആദ്യത്തെ കുട്ടിയുടെ മനസ്സിൽ വളരെ ഗുരുതരമായ ഒരു വിപ്ളവത്തിൻെറ തീജ്വാല ആളിപ്പടർന്നു കയറുകയാണു്. മാതാപിതാക്കന്മാർ കരുതലോടിരിക്കാത്ത പക്ഷം അതു് ആ കുട്ടിയുടെ ആരോഗ്യത്തിലും സ്വഭാവത്തിലും ആഴമേറിയ മുറിവേല്പിച്ചേക്കാൻ മതി.

പുതുതായി പിറന്ന ശിശുവിനെ കൂടുതലായി പരിചരിക്കേണ്ടതു് ആവശ്യമാണെന്നും, അതു വളരെ നിസ്സഹായനാണെന്നും എന്നാൽ അമ്മയ്ക്കു് മൂത്തകുട്ടിയോടുള്ള സ്നേഹത്തിനു് യാതൊരു കുറവുമില്ലെന്നും കുട്ടിയെ പറഞ്ഞു മനസ്സിലാക്കുകയും, ക്രിയകളിലൂടെ കാണിച്ചു ബോദ്ധ്യപ്പെടുത്തുകയും ചെയ്യേണ്ടിയിരിക്കുന്നു. അതൊന്നും ചെയ്യാതെ മാതാപിതാക്കന്മാർ ചിന്താശൂന്യരായി കഴിയുന്ന പക്ഷം ആ നിലപാടു് കുട്ടികളെ നാലുവിധത്തിൽ ഉപദ്രവിക്കാവുന്നതാണു്.

1. എൻെറ ചിന്ത ഈ വിധത്തിലാകാം. "അമ്മ എന്നെ സ്നേഹിക്കുന്നതിൽ നിന്നു വിരമിച്ചിരിക്കുന്നു. അമ്മ വളരെ നല്ല സ്ത്രീയാണു്. ഇപ്പോൾ എന്നെ സ്നേഹിക്കേണ്ടെന്നു വച്ചതു് ഞാൻ വളരെ ചീത്തകുട്ടി ആയതിനാലായിരിക്കണം." അതോടെ ഒരു കുററബോധം മനസ്സിനെ പിടികൂടുന്നു. ഇതു് തൽക്കാലം മറന്നുകിടന്നേക്കാമെങ്കിലും, ഭാവി ജീവിതത്തിൽ വളരെയധികം ദൂഷ്ഫലം ഉളവാക്കിയേക്കാവുന്നതാണു്. "ഞാൻ ശ്രമിക്കുന്നതുകൊണ്ടു് ഒരു പ്രയോജനവുമില്ല. കാര്യമായി എന്തെങ്കിലും പ്രവത്തിക്കാൻ എന്നെക്കൊണ്ടു് ഒരു കാലത്തും സാദ്ധ്യമാവുന്നതല്ല." ഒരു അപകർഷബോധം മനസ്സിനെ ഭരിക്കുകയായി.

2. മറെറാരു ചിന്താഗതി. "അമ്മ ഇപ്പോൾ എന്നെ സ്നേഹിക്കുന്നില്ല. അതു് എൻെറ കുററമല്ല. അമ്മ ആൾ മാറിപ്പോയി. അമ്മ ചീത്തയായിത്തീർന്നു." ഈ ചിന്താഗതി ഒരു ശത്രുതാബോധമാണു വളർത്തുക. മാത്സര്യവും അനുസരണമില്ലായ്മയും ഇതിൻെറ ഫലമായി ഉണ്ടാകാം. കഠിനമായ ദ്വേഷ്യവും തൊട്ടതിനൊക്കെ കരച്ചിലും. കാര്യം മനസ്സിലാകാതെ . അമ്മ കോപിക്കും,ശകാരിക്കും. അടിക്കുകയും ചെയ്തേക്കാം. ആകപ്പാടെ അലോഹ്യമായി. കുട്ടിയുടെ മനസ്സിൽ ഇതെല്ലാം ആഴത്തിലുള്ള പോറൽ ഏല്പിക്കുന്നുണ്ടു്.

3. മൂന്നാമതൊരു ചിന്താഗതിയുണ്ടു് "എന്തു വന്നാലും വേണ്ടില്ല, എന്നെ പരിചരിക്കുന്നതിനു ഞാൻ അമ്മയെ നിർബന്ധിക്കും." ദേഹത്തു വേദനയായി, സുഖക്കേടായി. ഇതിൽ അധികപങ്കും സാങ്കല്പികമാണെന്നു വരാം. മററു ചിലതു് മനസ്സിൻെറ വിഭ്രാന്തിയുടെ ഫലമായി ഉണ്ടാകുന്നതാകാം. കുട്ടിക്കു് ഉറക്കം ശരിക്കു കിട്ടുന്നില്ല. എപ്പോഴും [illegible] ന്യം തന്നെ. ആഹാരത്തിനു രുചിയില്ല. വൈദ്യനും മരുന്നും [illegible] വേണ്ടിവരുന്നു. പക്ഷെ, [illegible] വല്ലതായിട്ടില്ലതാനും. എന്നും [illegible] രോഗിയായിക്കഴിയുന്നതിനുള്ള [illegible] വിതചര്യയ്ക്കു് അടിത്തറ [illegible] യാണിതു്.

4. മററു ചില കുട്ടികൾ ആ[illegible] ശ്വാസത്തിനുവേണ്ടി പിതാവിനെയോ അമ്മൂമ്മയെയോ, പ്രായമായ മററാരെയെങ്കിലുമോ ആശ്രയിച്ചു വെന്നുവരാം. ഇതു് മുമ്പത്തെവയോളം തന്നെ ദോഷം ചെയ്യുന്നതല്ല. കാര്യവിവരമുള്ള ഒരു പിതാവു് ശ്രദ്ധിക്കുന്ന പക്ഷം, കുറഞ്ഞുപോയ മാതൃസ്നേഹം നികത്തിക്കൊടുക്കത്തക്കനിലയിൽ പെരുമാറാൻ കഴിയും.

മാതാപിതാക്കന്മാർ നേരത്തെ കൂട്ടി കാര്യങ്ങളുടെ ഏകദേശരൂപം

ണ്യത്തിലും പരിശുദ്ധാത്മനൽവരത്തിലും സമാർജ്ജിക്കേണ്ടിവരും. ഞങ്ങൾ തരുന്ന മുന്നറിവു് അവരെ ഭയപ്പെടുത്താനല്ല. ഭരണവ്യവസ്ഥാപനപരമായി പ്രത്യേകിച്ചു് ഉദിക്കുന്ന ചില സംഘട്ടനങ്ങൾ വരുന്നതിനെ പരിഹരിച്ചു മുമ്പോട്ടു പോകാനും വിശിഷ്ടമായ പാരമ്പര്യങ്ങൾ ഈ പ്രവത്തനത്തിൽക്കൂടെ സഭയിൽ സൃഷ്ടിക്കാനുമുള്ള ഒരു ഉത്തരവാദിത്വം കൂടെ കമ്മിററിക്കുണ്ടെന്നു് ഞങ്ങൾ അനുസ്മരിപ്പിക്കുന്നു. [illegible]മ്മുടെ യുവജനങ്ങളെയും യുവഡോക്ടർമാരെയും ഈ പ്രവത്തനത്തിൽ സഹകരിപ്പിച്ചുകൊണ്ടു് പോകാനും കമ്മിററിക്കു കഴിയണം. കമ്മിററിയുടെ പ്രവത്തനത്തിൽ നേരിടുന്ന മററു പ്രതിബന്ധങ്ങളെപ്പററി [illegible]ന്നിട്ടു് പ്രതിപാദിക്കേണ്ടി വരു[illegible]ൾ അങ്ങനെ ചെയ്തുകൊള്ളാം.

റോമാസഭ കാതോലികവിശ്വാസത്തോട് കൂട്ടിച്ചേർത്തിട്ടുള്ള സംഗതികൾ

(പോൾ വറുഗീസ് ശെമ്മാശൻ അഡീസ് അബാബ)

സഭൈക്യത്തിന്ന് വിലങ്ങുതടിയായി നിലകൊള്ളുന്ന രണ്ടാമത്തെ പ്രധാന കാര്യം, റോമ്മാസഭ അന്യസഭകളിൽ നിന്നും വേർപെട്ടതിൻെറ ശേഷം, പ്രോട്ടസ്റ്റൻറുകാരും അവരുടെയിടയിൽ നിന്നിറങ്ങിപ്പോയതിന്ന് ശേഷം കാതോലിക വിശ്വാസത്തിൽ അവർ കൂട്ടിച്ചേർത്തിട്ടുള്ള സംഗതികളാണ്. ഇവയിൽ നാലഞ്ചെണ്ണത്തെമാത്രം ഇവിടെ എടുത്തുചേർക്കുന്നു.

(a) ബെസ്പുർക്കാനാ (purgatory). മരിച്ചുപോയിട്ടുള്ള വിശ്വാസികളെ നമ്മുടെ പ്രാർത്ഥനകൾകൊണ്ടും കുർബാന മൂലവും സഹായിക്കാമെന്നുള്ള വിശ്വാസം കാതോലിക സഭകൾക്കെല്ലാമുള്ളതാണ്. എന്നാൽ ബെസ്പുക്കാനാ എന്നൊരു "സ്ഥലം" നമ്മുടെ മനോധർമ്മത്തിൽ നിന്നും സൃഷ്ടിക്കേണ്ടുന്നയാവശ്യമൊന്നും കിഴക്കൻ സഭകൾ കാണുന്നില്ല. പരമാർത്ഥം പറഞ്ഞാൽ ഇക്കാര്യത്തിൽ റോമ്മാസഭയുടെ പഠിപ്പിക്കൽ കുറെ അസംസ്കൃതം (crude) ആണെന്നല്ലാതെ തത്വത്തിൽ നമുക്ക് യോജിക്കുവാൻ വളരെ പ്രയാസമുണ്ടാകേണ്ടുന്നയാവശ്യമില്ല. 1563—ൽ ആണ് ബെസ്പുക്കാനാ വിശ്വാസം റോമ്മാസഭയിൽ ഔദ്യോഗികമായംഗീകരിക്കപ്പെട്ടതു്.

(b) പാപമോചനച്ചീട്ടുകൾ (Indulgences) ഇതും 1563—ൽ ത്രെന്ത് സൂന്നഹദോസിലാണ് ഔദ്യോഗികമായംഗീകരിക്കപ്പെട്ടതു്; പ്രോട്ടസ്റ്റൻറുകാരെ വെറുപ്പിച്ച പ്രധാനകാരണം ഇതായിരുന്നു. സഭയ്ക്ക് പാപമോചനനൽവരം ദൈവം കൊടുത്തിട്ടുണ്ടെന്ന് കാതോലികസഭകളെല്ലാം വിശ്വസിക്കുന്നു. പക്ഷെ അതെന്തിന് കടലാസിലെഴുതി കച്ചവടം ചെയ്യുന്നുവെന്നേ നമുക്ക് ചോദ്യമുള്ളൂ. ഇതും യഥാർത്ഥത്തിൽ വളരെ സാരമായ ഒരു പ്രശ്നമാണെന്നെനിയ്ക്കഭിപ്രായമില്ല.

(c) അമലോത്ഭവ വാദം. (Immaculate Conception) 1854-ൽ ആണ് ഈ വിശ്വാസം ഔദ്യോഗികമായംഗീകരിക്കപ്പെട്ടതു്. തോമസ് അക്വിനാസിൻെറയും വി: ബെർനാഡിൻെറയും അഭിപ്രായത്തെപ്പോലും വിഗണിച്ചാണ് ഈ വിചിത്രവാദത്തെ അവർ സ്വീകരിച്ചതു്. യാതൊരു പ്രശ്നവും ഇതുകൊണ്ട് പരിഹരിക്കപ്പെട്ടന്നില്ല, മററുള്ളവരിൽനിന്നും തങ്ങളെത്തന്നെയകററാനല്ലാതെ കാതോലികസഭകളിൽ മാദ്ധ്യമിക കാലങ്ങളിലെ യൂറോപ്യൻ സഭകളൊഴിച്ച് മററാരും ഇങ്ങനെയൊരുസംഗതിയെപ്പററി ചിന്തിച്ചിട്ടേയില്ല. കാതോലിക വിശ്വാസത്തിന് കടക വിരുദ്ധമാണിതു്.

(d) പരസത്തവാദം (Transubstantiation) കർബാനയിലെ അപ്പത്തിൻെറയും വീഞ്ഞിൻെറയും ബാഹ്യഗുണങ്ങൾ (accidents) മാറുന്നില്ലെന്നും എന്നാൽ അപ്പത്തിൻെറയും വീഞ്ഞിൻെറയും 'സത്ത്' (Substance) നിശ്ശേഷം ഇല്ലാതായിട്ട് കർത്താവിൻെറശരീരത്തിൻെറയും രക്തത്തിൻെറയും "സത്ത" വന്നുചേരുന്നുവെന്നുമുള്ള വാദം തോമസ് അക്വിനാസാണ് ആദ്യമായിപ്രചരിപ്പിക്കുന്നതു്. "സത്ത"യും 'ബാഹ്യഗുണങ്ങളു'മൊക്കെ ഇന്ന് തത്വശാസ്ത്രജ്ഞന്മാരെ ചിരിപ്പിക്കുന്നവാക്കുകളാണ്. അരിസ്റ്റോട്ടലിൻെറ തത്വശാസ്ത്രം വേദശാസ്ത്രത്തിൽ [illegible]

ത്തിക്കയററി പാവപ്പെട്ട മനുഷ്യരുടെ ബുദ്ധിയെ വേദനിപ്പിക്കുന്നതെന്തിനോ? ഇക്കാര്യത്തിൽ റോമാസഭ ഓർത്തഡോക്സ് സഭകളിൽ നിന്നും വളരെയധികം പഠിക്കാനുണ്ട്. അതിനുള്ള വിനയം ദൈവംതന്നെ അവർക്ക് നല്കട്ടെ.

(e) പാപ്പായുടെ അപ്രമാദിത്വവാദം (1870)

തലയുള്ള കത്തോലിക്കർക്ക് വഹിക്കാൻ പ്രയാസമുള്ള ഒരു വിചിത്രവാദമാണിതു്. എന്തെല്ലാം പരമാബദ്ധങ്ങൾ ഇതിന്ന് മുൻപുള്ള പാപ്പാമാർ പറഞ്ഞുപിടിപ്പിച്ചിട്ടുണ്ട്. ദൈവത്തിനുള്ള അപ്രമാദിത്വം മനുഷ്യന്ന് നൽകുന്നതു് പ്രോട്ടസ്റ്റൻറുകാരെക്കൊണ്ട് "പാപ്പാ അന്തിക്രിസ്തുവാണ്" എന്നു പറയിക്കാൻ വേണ്ടിയോ?

ഈ അഞ്ചുകാര്യങ്ങളിൽ ഒരു പുതിയ മനോഭാവം റോമാസഭയ്ക്കുണ്ടാകാതെ സഭൈക്യം മുന്നോട്ടു നീങ്ങുകയില്ല.

പ്രോട്ടസ്റ്റൻറുവിഭാഗങ്ങളുമായുള്ള ബന്ധം

പരമാർത്ഥത്തിൽ വിശ്വാസപരമായി നമുക്കേററവും അകൽച്ചയുള്ളതു് പ്രോട്ടസ്റ്റൻറുകാരോടാണ്. എന്തെല്ലാം കാര്യങ്ങളിലാണ് വ്യത്യാസമുള്ളതെന്ന് പറഞ്ഞു് നീക്കുന്നതുതന്നെ ബുദ്ധിമുട്ടുള്ള കാര്യമായിതോന്നുന്നു. അടിസ്ഥാനംതന്നെ വ്യത്യസ്തമാണ്.

ലൂഥറൻ നവീകരണ പ്രസ്ഥാനത്തിൻെറ രണ്ടു തൂണുകൾ വിശ്വാസത്താൽ മാത്രം (Sola fide) എന്നും "വേദപുസ്തകം മാത്രം" (Sola Scriphere) എന്നും ഉള്ള മുദ്രാവാക്യങ്ങളാണ്. ഇവ രണ്ടും അബദ്ധാധിഷ്ഠിതമാണെന്നു കാതോലിക സഭകൾ വിശ്വസിക്കുന്നു. വിശ്വാസത്തിൻെറയർത്ഥം പ്രമുഖ വേദശാസ്ത്രജ്ഞനായ ലൂഥർ പോലും മനസ്സിലാക്കിയിരുന്നോയെന്ന് സംശയിക്കുന്നവരുണ്ട്. വിശ്വാസത്താലുള്ള നീതീകരണം എന്ന വിശുദ്ധ പൗലൂസിൻെറ ശൈലി പ്രോട്ടസ്റ്റൻറുകാർ വളരെയധികം തെററിദ്ധരിച്ചിരിക്കുന്നതായിട്ടാണ് കാതോ[illegible]ക പക്ഷക്കാരുടെ നില. ഈ അടുത്ത കാലത്തു് പ്രോട്ടസ്റ്റൻറു പണ്ഡിതന്മാർ എഴുതുന്ന പുസ്തകങ്ങൾ [illegible] ററയൊക്കെ വിശ്വാസഐക്യത്തി[illegible] പ്രത്യാശയ്ക്ക് വഴിതരുന്നവ [illegible] വിശ്വാസവും കർതൃശരീരവും തമ്മിലുള്ള ബന്ധവും, 'നീതീകരണം' ഒരു ആത്മീയതല്പരമാണെന്നും സങ്കല്പിതാവസ്ഥയല്ലെന്നുമുള്ള പരമാർത്ഥവും അവരും അംഗീകരിച്ചുതുടങ്ങിയിട്ടുണ്ട്.

"വേദപുസ്തകം മാത്രം" എന്നുള്ളതിൻെറ അപര്യാപ്തത പ്രോട്ടസ്റ്റൻറു് വേദശാസ്ത്രജ്ഞന്മാരൊക്കെ ഇന്നു സമ്മതിക്കുന്നുണ്ട്. സഭാപാരമ്പര്യത്തിന്ന് ഒരു സ്ഥാനം കൊടുപ്പാനുള്ള മനസ്ഥിതിയും അവർക്കുണ്ടായിത്തുടങ്ങിയിട്ടുണ്ട്. പക്ഷെ വലിയ ഒരു വിഭാഗം പ്രോട്ടസ്റ്റൻറുകാർ ഓർത്തഡോക്സുകാരും കത്തോലിക്കരും ക്രിസ്ത്യാനികളേയല്ല എന്ന മനോഭാവക്കാരനാണ്. ഇതിനുള്ള ഉത്തരവാദിത്വത്തിൽ ഗണ്യമായ ഒരു ഭാഗം നമ്മുടേതാണ്. അവരുടെ ഈ വിശ്വാസത്തെപ്പററി പഠിക്കാതെ അവഗണിക്കാനാണ് നമ്മുടെ ജന്മവാസന. എന്നാൽ അവരുടേതു് പഠിച്ചവർക്കേ നമ്മുടേതവർക്ക് പറഞ്ഞുകൊടുക്കാൻ കഴിയൂ. എന്നാൽ നമ്മുടേതിൽ അടിസ്ഥാനപ്പെടാതെ അവരുടേതു് പഠിച്ചാൽ പിന്നെ നമ്മുടേതു് പഠിക്കാനുള്ള കഴിവുപോലും നമ്മുടെ ചെറുപ്പക്കാർക്കില്ലാതായിത്തീരുന്നതായിട്ടും കാണുന്നുണ്ട്.

ഇതിന്നൊരു പരിഹാരമുണ്ടാകണമെങ്കിൽ നമുക്ക് ഒന്നാന്തരം വൈദിക സെമിനാരികളും ഉയർന്ന കഴിവുകളും സ്വഭാവ സംസ്കാരവുമുള്ള വേദശാസ്ത്രപണ്ഡിതന്മാരുമുണ്ടാകേണ്ടിയിരിക്കുന്നു. ഇതിന്ന് ദൈവം നമ്മെ സഹായിക്കുമെന്ന് പ്രതീക്ഷിക്കാം.

പ്രോട്ടസ്റ്റൻറുകാർ കത്തോലിക്കരേക്കാൾ പഠിക്കാൻ സന്നദ്ധതയുള്ളവരാണ്. പൊതുവേ പറഞ്ഞാൽ താഴ്മയും കൂടുതലുണ്ട്. അവർ ചെവിതരുവാൻതക്ക പാണ്ഡിത്യവും, കഴിവും, സ്വഭാവമഹിമയും നമ്മിലുണ്ടാകണമെന്നുമാത്രം. സ്നേഹത്തോടും വിനയത്തോടുംകൂടെ പഠിപ്പിക്കാൻ കഴിയുന്നവർ ഉണ്ടാകണം. വിശ്വാസപരമല്ലെങ്കിലും സാമൂഹ്യമായി റോമൻകത്തോലിക്കരെക്കാൾ നമ്മോടു അടുപ്പമുള്ള പ്രോട്ടസ്റ്റൻറു വിശ്വാസികളും ഇൻഡ്യയിൽ ഉണ്ടെന്നുള്ളതു് നമ്മെ സംബന്ധിച്ച ഒരു ഉത്തരവാദിത്വമാണ്.

നമുക്ക് സഭയിൽ സമാധാനം ഉണ്ടായിയെന്ന് പറയാൻ സാധിക്കുന്നതു്, ക്രൈസ്തവരെയെല്ലാം യഥാർത്ഥത്തിൽ ഒരു ശരീരത്തിലെ അംഗങ്ങളായിത്തീർന്നു സ്നേഹത്തിലും വിശ്വാസത്തിലും ഐക്യപ്പെട്ട് ലോകത്തെ സേവിപ്പാനും ലോകത്തിന് സുവിശേഷം പ്രഖ്യാപിക്കുവാനും സാധിക്കുന്ന കാലത്താണ്. വളരെയധികം ഇനിയും പ്രവർത്തിപ്പാനുണ്ട്. നാം മാത്രമാണ് പ്രവർത്തിക്കുന്നതെങ്കിൽ ആശയ്ക്ക് വഴിയൊന്നുമില്ല. എന്നാൽ നാം ഉദ്ദേശിക്കുന്നതിലും ആഗ്രഹിക്കുന്നതിലും കൂടുതലായി പ്രവർത്തിപ്പാൻകഴിവുള്ള ദൈവത്തിൻെറപരിശുദ്ധാത്മാവുപ്രവർത്തിച്ചുകൊണ്ടാണിരിക്കുന്നതു്. നമ്മെയുംതൻെറഉപകരണങ്ങളാക്കിത്തീർക്കുവാൻതനിക്ക നമ്മുടെമേൽ കൃപതോന്നുമാറാകട്ടെ.

കുട്ടികൾക്കു പറഞ്ഞുകൊടുത്തു മനസ്സിലാക്കുന്ന പക്ഷം, പുതിയ ശിശു തനിക്ക് ഒരു കളിക്കൂട്ടുകാരനായി വളർന്നുവരുന്നതു് ഔത്സുക്യത്തോടെ പ്രതീക്ഷിച്ച് കാത്തിരിക്കാൻ മുൻഗാമിക്കു കഴിയും. മാത്രമല്ല അതിൻെറ നിസ്സഹായതയും അമ്മ അതിന്ന് കൂടുതൽ സമയവും സഹായവും നൽകേണ്ടതിൻെറ ആവശ്യകതയും മനസ്സിലാകുന്ന പക്ഷം പുതിയ കുട്ടിയെ അച്ഛനമ്മമാരോടൊപ്പം പരിചരിക്കുന്നതിനുള്ള ഒരു സന്തോഷവും ആദ്യജാതനുണ്ടാകാം.

നേരേ മറിച്ച്, എന്താണ് സംഭവിക്കുന്നതെന്നു മുൻകൂട്ടി മനസ്സിലാക്കാത്തപക്ഷം, ലോകം മുഴുവൻ നുറുങ്ങിപ്പൊടിയുകയാണെന്നു നിങ്ങൾക്കു തോന്നും. ആരും നിങ്ങൾക്കു വേണ്ടി കരുതുന്നില്ല. സർവത്ര അന്ധകാരം. യാതൊരാശയ്ക്കും മാർഗ്ഗമില്ല!

മറെറാരു വിധത്തിൽ അതു കാണാൻ നിങ്ങളെ തയാറാക്കിയിരുന്നുവെങ്കിൽ, കുടുംബത്തിൽ മറെറാരംഗംകൂടിഉണ്ടായി, കുടുംബം വലുതാകുന്നതു നിങ്ങളെ സന്തോഷിപ്പിക്കുകയേയുള്ളൂ. കൂടുതൽ സുരക്ഷിതത്വവും സ്നേഹവും ജനിപ്പിക്കുന്ന ഒരനുഭവമാണതു്. അതിനെ ആസ്പദമാക്കിയാണ് നിങ്ങളുടെ ഭാവി നിലകൊള്ളുന്നതു്. സ്നേഹവും സുരക്ഷിതത്വവും നിങ്ങളിൽ വളർത്തുന്ന പക്ഷം, നിങ്ങൾക്ക് ആത്മവിശ്വാസവും ശക്തിയും വർദ്ധിക്കും. മാ സ്നേഹത്തിൻെറ മാററുകൂട്ടും. താപിതാക്കന്മാരോടും സഹോദരീസഹോദരന്മാരോടുമുള്ള സ്നേഹവും വർദ്ധിക്കും.

നേരേ മറിച്ച്, സ്നേഹസുരക്ഷിതത്വബോധം ചെറുപ്പത്തിലേ നശിപ്പിക്കപ്പെടുന്ന പക്ഷം, പുതുതായി ജനിക്കുന്ന കുട്ടിയോട് നിങ്ങൾക്ക് അസൂയയും വിദ്വേഷവും തോന്നുന്നു. ഞെട്ടിപ്പിക്കുന്ന അനുഭവങ്ങൾക്ക് അതിടയാക്കിയേക്കാം. സ്നേഹം അസ്ഥിരമാണെന്നും, ലോകത്തിൽ ആത്മാർത്ഥതയ്ക്കു സ്ഥാനമില്ലെന്നും, നിങ്ങളെ സ്നേഹിക്കുന്നില്ലെന്നു തോന്നുന്നവരെ തിരിച്ചു സ്നേഹിച്ചിട്ടു കാര്യമില്ലെന്നും നിങ്ങൾ ചിന്തിക്കുന്നു. കഠിനമായ നീരസം വളരുകയായി. അതു് കുടുംബത്തിലെ മററു് അംഗങ്ങളോടുള്ള ബന്ധത്തിൽ വിഷം കലർത്തുന്നു. പ്രായമാകുമ്പോഴും ഈ ദൃഷ്യം നിലനിൽക്കുന്നതായി കാണാറുണ്ട്.

നിങ്ങളുടെ ജീവിതത്തിൽ ഈദൃശമായ അനുഭവമുണ്ടായിട്ടുണ്ടോ? ഉണ്ടെങ്കിൽ അതു പരിഹരിക്കാൻ അമാന്തിച്ചുകൂടാ. കുടുംബം എത്രയധികം വലുതാകുന്നുവോ, അതിലെ സ്നേഹത്തിൻെറ അളവിൻെറ ആകെത്തുകയും അത്രത്തോളം വർദ്ധിച്ചിരിക്കണം. ശിശുസഹജമായ അസൂയയിൽ നിന്നും തെററിദ്ധാരണയിൽ നിന്നും ജനിച്ച നീരസവും വിദ്വേഷവും എന്തിന് ഭാവി ജീവിതത്തെ കലുഷമാക്കുവാൻ അനുവദിക്കണം?

———

"ക്രിസ്തുവിൻെറ ഏകസ്വഭാവം"

(റവ. ഡോ. വി. സി. സാമുവൽ)

നമ്മുടെ സഭ ക്രിസ്തുവിൻെറ ഏകസ്വഭാവവിശ്വാസം അവലംബിച്ചിരിക്കുന്നതായി നമ്മുടെ ആളുകൾ തന്നെ പറയുന്ന നിലയ്ക്കു് ഈ പദപ്രയോഗത്തിലടങ്ങുന്ന ചില വൈഷമ്യങ്ങൾ ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ.

1. നമ്മുടെ വിശ്വാസപ്രസ്താവനകളിൽ രണ്ടു് ആശയങ്ങൾ സാധാരണ കാണാറുണ്ടു്. ഒന്നു്: തമ്മിൽ കലരാതെയും അന്യോന്യം വേർപിരിയാതെയും ദൈവത്വം മനുഷ്യത്വത്തോടുയോജിച്ചു. രണ്ടു്: യോജിപ്പിനുശേഷം ദൈവത്വം, മനുഷ്യത്വം എന്നീ രണ്ടു സ്വഭാവങ്ങൾ അതതിൻെറ പൂർണ്ണതയിൽ പരിരക്ഷിക്കപ്പെട്ടു. എന്നാൽ രണ്ടു സ്വഭാവങ്ങളും യോജിച്ചിരിക്കുന്ന ക്രിസ്തുവിനെപ്പററി "വചനമായ ദൈവം ജഡംധരിച്ച ഒരു സ്വഭാവം" (One incarnate nature of God the Word) എന്നു് നാം നിഷ്ക്കർഷിക്കുന്നു. ഈ പദപ്രയോഗത്തിൻെറ അടിസ്ഥാനത്തിൽ ക്രിസ്തുവിൻെറ സ്വഭാവം ഒന്നാണെന്നു് നാം പറയാറുണ്ടു്. എന്നാൽ അതുകൊണ്ടു നാം ഏകസ്വഭാവവിശ്വാസികളാകുന്നില്ല.

2. മേൽ ചൂണ്ടിക്കാണിച്ച പദപ്രയോഗം, 451—ൽ കൽക്കെദൂൻ സുന്നഹദോസു് കൂടുന്നതിനു മുമ്പു് സഭയിൽ പ്രചരിച്ചിരുന്നു. മാത്രവുമല്ല, അതിൻെറ അടിസ്ഥാനത്തിൽ അതിവ്യാപകമായ വേദശാസ്ത്രവികസനം നടത്തിയ അലക്സന്ത്ര്യായിലെ മാർ കൂറിലോസിനെ കൽക്കെദൂൻ സുന്നഹദോസ് സഭയുടെ മല്പാനായി പ്രഖ്യാപിക്കുകയും ചെയ്തു. ആ സുന്നഹദോസ് ഈ പദപ്രയോഗത്തെ അംഗീകരിച്ചില്ലെങ്കിലും, ആറാം നൂററാണ്ടിൽ കൽക്കെദൂൻ അനുഭാവികൾ അതിനെ സ്വീകരിച്ചിട്ടുണ്ടു്. അതിനാൽ "വചനമായ ദൈവം ജഡം ധരിച്ച ഒരു സ്വഭാവം" (One incarnate nature of God the Word) എന്ന പ്രയോഗം സ്വീകരിച്ചാൽ "ഏകസ്വഭാവവിശ്വാസ"മാകുമെങ്കിൽ, ക്രൈസ്തവസഭ ആകമാനം ഏകസ്വഭാവവിശ്വാസികളാണു്.

സിൽ നടന്ന സംവാദത്തിൽ അലക്സന്ത്ര്യായിലെ മാർ ദീയൊസ്കോറോസ് എതിർത്തതു് "രണ്ടു സ്വഭാവങ്ങൾ" എന്ന പദപ്രയോഗമല്ലായിരുന്നു. അദ്ദേഹം തന്നെ "രണ്ടു സ്വഭാവങ്ങളിൽ നിന്നുമുള്ള ഏകക്രിസ്തു" (One Christ of two natures) എന്ന പ്രയോഗം അംഗീകരിക്കണമെന്നു് ശക്തിപൂർവ്വം വാദിച്ചു. എന്നാൽ റോമൻ പ്രതിനിധികളുൾപ്പെടെ സുന്നഹദോസിൽ ഹാജരായിരുന്ന ഒരു പങ്കാളുകൾ "രണ്ടു സ്വഭാവങ്ങളിൽ അറിയപ്പെടുന്ന ഏക ക്രിസ്തു" One Christ made known in two natures) എന്ന പ്രയോഗം വേണം സ്വീകരിക്കുവാൻ എന്നു ശഠിച്ചു. ഈ രണ്ടാം കൂട്ടരെ ചക്രവർത്തി പിൻതാങ്ങിയതിനാൽ അവരുടെ നില സുന്നഹദോസ് സ്വീകരിച്ചു എന്ന നിലയിൽ കാര്യം പര്യവസാനിക്കുകയും ചെയ്തു. ഇതായിരുന്നു സഭയിൽ പിളർപ്പിനു കാരണം. ഈ ചരിത്രവസ്തുതയിൽ നിന്നും നാം മനസ്സിലാക്കുന്നതു് കൽക്കെദൂൻ സുന്നഹദോസും അനുയായികളും "ദ്വിസ്വഭാവം" അംഗീകരിച്ചു എന്നും, അവരുടെ എതിരാളികൾ "ഏകസ്വഭാവം" അവലംബിച്ചു എന്നും അല്ലല്ലോ. നേരെ മറിച്ചു് അവർ തമ്മിലുള്ള യഥാർത്ഥ വ്യത്യാസം ഒരു കൂട്ടർ "രണ്ടു സ്വഭാവങ്ങളിൽ" (In two natures) എന്നും, മറേറ കൂട്ടർ "രണ്ടു സ്വഭാവങ്ങളിൽ നിന്നു്" (of two natures) എന്നും ശഠിച്ചതായിരുന്നു. അതിനാൽ ഇവരിൽ ഒന്നാമത്തവർ ദ്വിസ്വഭാവികളും രണ്ടാമത്തവർ "ഏക സ്വഭാവികളും" എന്നു് പറയുന്നതു് ഒട്ടും തന്നെ ശരിയല്ല.

4. "ഏക സ്വഭാവവിശ്വാസം" എന്നതിനു് ലോകം മനസ്സിലാക്കിവച്ചിരിക്കുന്ന അർത്ഥം, ക്രിസ്തുവിൻെറ മനുഷ്യത്വത്തിനു് വില കല്പിക്കാത്ത ഒരു ചിന്താഗതി എന്നത്രെ. ഇതു് സത്യവിശ്വാസമാണെന്നു് നാം വാദിക്കുകയില്ലല്ലോ, അതുകൊണ്ടു് നമ്മുടെ നില

ന്നു നാം തന്നെ പറയുന്നതിനു മുമ്പായി ഈ പദപ്രയോഗത്തിനു് ഒരു പുതിയ അത്ഥനിർവചനം ചെയ്യണം. ഈ ബുദ്ധിമുട്ടിലൊന്നിനും പോകാതെ, വൈഷമ്യമേറിയ വിശേഷണങ്ങൾ ഉപയോഗിക്കാതെയിരിക്കുന്നതാണു് നല്ലതെന്നു് എനിക്കു തോന്നുന്നു.

5. നമ്മുടെ നില സത്യവിശ്വാസമാണെന്നു കാണിപ്പാൻ നാം ചെയ്യേണ്ടതു്, യേശുക്രിസ്തുവിൻെറ മനുഷ്യത്വത്തിനു് നാം വില കല്പിക്കുന്നുണ്ടെന്നു്, നമ്മുടെ വിശ്വാസപ്രസ്താവനകളുടെയും വേദശാസ്ത്രപണ്ഡിതന്മാരുടെ വ്യാഖ്യാനങ്ങളുടെയും അടിസ്ഥാനത്തിൽ, തെളിയിക്കുകയാണു്. നമ്മുടെ വിശ്വാസപ്രസ്താവനകളിൽ യേശുക്രിസ്തു പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനുമാണെന്നും, മനുഷ്യത്വം ദൈവത്വത്തിൽ ലയിക്കാതെയും കലരാതെയും, അതിൻെറ തത്വത്തിൽ, പരിരക്ഷിക്കപ്പെട്ടു എന്നും, വ്യക്തമാക്കിയിട്ടുണ്ടു്. എന്നാൽ അതുകൊണ്ടു മാത്രം കൽക്കെദൂൻ അനുയായികളുടെ സംശയം തീരുന്നതല്ല. അദൃശ്യനാ ശരീരതരനമായ ദൈവം ലോകത്തിൽ അവതരിച്ചപ്പോൾ ആ മനുഷ്യത്വം ഒരുപകരണമായി വർത്തിച്ചു എന്നതിൽ കൂടുതലായി ഒന്നും ഈ പ്രസ്താവനകളിൽ കാണുന്നില്ല എന്നായിരിക്കും കൽക്കെദൂൻ അനുയായികളുടെ വാദം. ഇതു ഞാൻ പറയുന്നതു വ്യക്തമായ അറിവോടുകൂടെയാണു്. റഷ്യൻ സഭാംഗവും ഗ്രീക്കു—റഷ്യൻ സഭയിലെ പ്രസിദ്ധിയാർജ്ജിച്ച വേദശാസ്ത്രപണ്ഡിതന്മാരിൽ ഒരാളുമായ ഒരു മാന്യദേഹവുമായി ഈ വിഷയം ഞാൻ സുദീർഘം സംസാരിച്ചിട്ടുണ്ടു്. അദ്ദേഹം എന്നോടു പറഞ്ഞതു്, നമ്മുടെ പൗരസ്ത്യസഭകളുടെ വിശ്വാസനിലയെപ്പററി അദ്ദേഹത്തിനും അദ്ദേഹത്തിൻെറ സഭക്കും ഗൗരവതരമായ സംശയമുണ്ടെന്നു തന്നെയാണു്. ഉദാഹരണമാ… അദ്ദേഹം മേൽ പ്രസ്താവിച്ച കാര്യം തന്നെ ഉന്നയിച്ചു. അതു ഇങ്ങനെ വിവരിക്കാം. യേശുക്രിസ്തുവിൻെറ മനുഷ്യത്വം പൂർണ്ണമായിരുന്നു എന്നു സമ്മതിക്കുന്നതുകൊണ്ടു് അവർ തൃപ്തിപ്പെടുകയില്ല. ലോകരക്ഷയ്ക്കുവേണ്ടി തിരുമേനി ചെയ്ത രക്ഷണ്യ വ്യാപാരത്തിൽ മനുഷ്യ… അതിൻെറ …

ഉണ്ടെങ്കിൽ നമ്മുടെ വിശ്വാസപ്രസ്താവനകളിൽ നിന്നും അതു് വ്യക്തമാണോ? ഇതു വ്യക്തമാക്കാത്തപക്ഷം യേശുക്രിസ്തുവിൻെറ മനുഷ്യത്വം മനുഷ്യരക്ഷയ്ക്കു് അത്യന്താപേക്ഷിതമാണെന്നു വരികയില്ല. ഇതായിരുന്നു അദ്ദേഹത്തിൻെറ വാദം. ചുരുക്കി പറഞ്ഞാൽ, പൂർണ്ണമനുഷ്യത്വം ക്രിസ്തുവിലുണ്ടായിരുന്നു എന്നു സമ്മതിച്ചാൽ പോരാ; മനുഷ്യനെ സൃഷ്ടിച്ച ദൈവം ആ മനുഷ്യനെ രക്ഷിക്കുവാൻ ലോകത്തിൽ അവതരിച്ചപ്പോൾ ദൈവത്തിൻെറ ശ്രേഷ്ഠോദ്ദേശത്തിൽ മനുഷ്യനു കല്പിച്ചിരുന്ന സ്ഥാനം അവനു നൽകിക്കൊണ്ടു മാത്രമാണു് രക്ഷ ഉണ്ടാക്കിയതു്, എന്നു് നമ്മുടെ പിതാക്കന്മാർ വ്യക്തമാക്കിയിട്ടുണ്ടായിരുന്നു എന്നു തെളിയിക്കണം. ഇതിനും പുറമെ അദ്ദേഹം ഉന്നയിച്ച വാദങ്ങളെല്ലാമിവിടെ പ്രസ്താവിക്കുന്നില്ല. കൽക്കെദൂൻ സുന്നഹദോസ് സ്വീകരിച്ച "രണ്ടു സ്വഭാവങ്ങളിൽ അറിയപ്പെടുന്ന ഏകക്രിസ്തു" (One Christ made known in two natures) എന്ന പദപ്രയോഗം കൊണ്ടു് മേൽ വിവരിച്ച ആശയം വ്യക്തമാക്കാം എന്നാണു് ആ സുന്നഹദോസിൻെറ അനുയായികൾ വിശ്വസിക്കുന്നതു്.

6. മേൽ പ്രസ്താവിച്ച ആശയം നമ്മുടെ പിതാക്കന്മാർ സ്വീകരിച്ചിരുന്നു എന്നു കാണിച്ചാൽ മാത്രം, നമ്മുടെ പൗരസ്ത്യസഭകൾ കൽക്കെദൂൻ സുന്നഹദോസിനെ എതിർത്ത നില സാധൂകരിക്കപ്പെടുകയില്ല. ഈ ആശയം പ്രത്യേകം എടുത്തു പറയേണ്ടതാണു്. കൽക്കെദൂൻ സുന്നഹദോസിൻെറ നിശ്ചയം അന്നു ക്രൈസ്തവസഭയിലുണ്ടായിരുന്ന തൊണ്ണൂററി ഒമ്പതു ശതമാനം മേല്പട്ടക്കാരും സ്വീകരിച്ചതായിരുന്നു. അവരിൽ പലരും ചക്രവ…ിയെ ഭയന്നോ മററു കാരണങ്ങ…ലോ ആയിരുന്നു ആ നിശ്ചയ…സ്വീകരിച്ചതു് എന്ന വസ്തുത …ഉന്നയിക്കാവുന്നതാണെങ്കിലും, അങ്ങിനെ ചെയ്തവർ മിക്കവാറും എ…ല്ലാവരും തന്നെ അവസാനംവരെയും …സുന്നഹദോസിൻെറ അനുയായികളായിത്തന്നെയാണു ജീവിച്ചതു്. …വർക്കെതിരായി "പൗരസ്ത്യസഭാ…ഭാഗങ്ങൾ സംഘടിച്ച അവസര… ആ പ്രസ്ഥാനത്തിനു നേതൃ…ത്തതു് പട്ടക്കാരും ദയറാ…

ആദ്യകാലത്തു് അവരെ പിൻതാങ്ങുവാൻ കൈവിരലിലെണ്ണുവാൻ മാത്രം മേല്പട്ടക്കാരെ ഉണ്ടായിരുന്നുള്ളു. ഈ വിധത്തിൽ രൂപമെടുത്തവയാണു് നമ്മുടെ പൗരസ്ത്യസഭകൾ. അതുകൊണ്ടു് കൽക്കെദൂൻ സുന്നഹദോസു നിശ്ചയത്തിൽ ഉൾക്കൊണ്ടുകിടന്ന വേദശാസ്ത്ര തത്വം നമ്മുടെ പൗരസ്ത്യസഭകൾ സ്വീകരിക്കുന്നുണ്ടെന്നു കാണിച്ചാൽ മാത്രം ഈ സഭകളുടെ നില നീതീകരിക്കപ്പെടുകയില്ല. നേരെമറിച്ചു്, ആ തത്വം നമ്മുടെ സഭകൾ സ്വീകരിക്കുകയും, നമ്മുടെ സഭകൾ മുറുകെ പിടിച്ച ഏതോ തത്വം സുന്നഹദോസ് അവഗണിക്കുകയും ചെയ്തിട്ടുണ്ടെന്നു് വ്യക്തമാക്കിയാൽ മാത്രമേ കൽക്കെദൂൻ സുന്നഹദോസിനെതിരായുള്ള നമ്മുടെ നില നീതീകരിക്കപ്പെടുകയുള്ളു. ദൈവത്തിൻെറ നിത്യസത്യമാണു് സഭയുടെ അടിസ്ഥാനം. അതിലുൾപ്പെട്ട യാതൊരു തത്വവും ഒരു സുന്നഹദോസിനും തിരസ്ക്കരിക്കാവുന്നതല്ല. അങ്ങിനെ ഒരു സുന്നഹദോസ് ചെയ്തിട്ടുണ്ടെങ്കിൽ, ആ വസ്തുത ഉന്നയിക്കുവാൻ സഭയുടെ ഏതംഗത്തിനും അവകാശവുമുണ്ടു്. ഈ അടിസ്ഥാനത്തിൽമാത്രമേ കൽക്കെദൂൻ സുന്നഹദോസിനെതിരായി നാമെടുത്ത നില സാധൂകരിക്കപ്പെടുകയുള്ളു.

ഈ ലേഖനത്തിൽ വിവരിച്ചിരിക്കുന്ന ആശയങ്ങളാണു്, അഞ്ചും ആറും നൂററാണ്ടുകളിലെ പല രേഖകളുടെയും അടിസ്ഥാനത്തിൽ, എൻെറ Ph. D thesis ൽ പ്രതിപാദിച്ചിരിക്കുന്നതു്. ഉദ്ദിഷ്ടകാര്യം മുഴുവനും അതുകൊണ്ടു സാധിക്കുമെന്നു ഞാൻ അവകാശപ്പെടുന്നില്ലെങ്കിലും, എൻെറയും പണ്ഡിതന്മാരായ മററുള്ളവരുടെയും, ഈ വിഷയസംബന്ധമായ ഭാവിപഠനത്തിനു്, അതു സഹായകമായിരിക്കുമെന്നാണെൻെറ വിശ്വാസം.

ഈ ലേഖനം ഉപസംഹരിക്കുന്നതിനു മുമ്പായി ഒരു കാര്യംകൂടെ പറയട്ടെ. കൽക്കെദൂൻ സുന്നഹദോസിനെ സ്വീകരിക്കുന്നവരും അല്ലാത്തവരും തമ്മിൽ യോജിക്കുന്നതിനു് വേദശാസ്ത്രപരവും അല്ലാത്തതും ആയ നിരവധി പ്രതിബന്ധങ്ങളുണ്ടു്. പ്രതിബന്ധങ്ങളുള്ളതിനാൽ ആ ശ്രേഷ്ഠസംരംഭത്തിനു് നാം ഒരുങ്ങേണ്ടതില്ല എന്നല്ല ഞാൻ ഉദ്ദേശിക്കുന്നതു്. നേരെമറിച്ചു്, തദ്ദശമായ ഒരു യത്നത്തിൽ നമ്മുടെ സഭ പ്രവേശിച്ചുകാണണമെന്നു് എനിക്ക് അതിയായ ആഗ്രഹവുമുണ്ടു്. എന്നാൽ ഇന്നത്തെ നിലയിൽ ആദർശത്തിനും, തത്വത്തിനും, വേദശാസ്ത്രവിജ്ഞാനത്തിനും നമ്മുടെ ഇടയിൽ വിലയില്ല. അതിനു സഭ വിലകൊടുക്കുന്ന കാലമുണ്ടാകുമെന്നു

അനുഭവത്തിൽ അധിഷ്ഠിതമായ ക്രിസ്തീയ വിശ്വാസം

(എം. തൊമ്മൻ)

"ആദിമുതലുള്ളതും ഞങ്ങൾ കേട്ടതും സ്വന്തകണ്ണുകൊണ്ടു കണ്ടതും ഞങ്ങൾ നോക്കിയതും ഞങ്ങളുടെ കൈ തൊട്ടതും ആയ ജീവന്റെ വചനം സംബന്ധിച്ചു്—ജീവൻ പ്രത്യക്ഷമായി ഞങ്ങൾ കണ്ടു സാക്ഷീകരിക്കയും പിതാവിനോടുകൂടെ ഇരുന്നു ഞങ്ങൾക്കു പ്രത്യക്ഷമായ നിത്യജീവനെ നിങ്ങളോടു് അറിയിക്കയും ചെയ്യുന്നു—ഞങ്ങൾ കണ്ടും കേട്ടുമുള്ളതു് നിങ്ങൾക്കു ഞങ്ങളോടു കൂട്ടായ്മ ഉണ്ടാകേണ്ടതിനു നിങ്ങളോടും അറിയിക്കുന്നു."

(1യോഹന്നാൻ 1:1-3)

നമ്മുടെ മതത്തെക്കുറിച്ചു് ഇപ്രകാരം സംസാരിക്കുവാൻ നമുക്കു കഴിയുമോ? മതവിശ്വാസം കേവലം അന്ധമായ വിശ്വാസമാണെന്നും അതു യുക്തിക്കു യോജിച്ചതല്ലെന്നും പരിപാവനമായി കരുതപ്പെട്ടിരുന്ന സാന്മാർഗ്ഗികവും ആദ്ധ്യാത്മികവുമായ മൂല്യങ്ങൾ അനാവശ്യമാണെന്നും പറയപ്പെടുന്ന ഇക്കാലത്തു് അനുഭവയാഥാർത്ഥ്യത്തോടുകൂടി മതത്തിനുവേണ്ടി നിലകൊള്ളുവാൻ നമുക്കു കഴിയുമോ? രണ്ടു കാരണങ്ങളാൽ ഈ ചോദ്യത്തിനു ശരിയായ ഉത്തരം പറയേണ്ടതു് ആവശ്യമായിരിക്കുന്നു. ഒന്നു്, നമ്മുടെ മതത്തിനു് നാം ജീവിക്കുന്ന ലോകത്തിൽ അവിശ്വാസത്തിന്റെ അന്തരീക്ഷ

